HQ/18/2022/EXCISE

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 15-09-2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-HQ/18/2022/EXCISE</u>**

വിഷയം: അബ്കാരി- അബ്കാരി നിയമം, വകുപ്പ് 66-ൽ U D കേസുകളിൽ ഉൾപ്പെട്ട തൊണ്ടിമുതലുകൾ കണ്ടുകെട്ടി ഉത്തരവാകാവുന്നത്- സംബന്ധിച്ച്.

അബ്കാരി നിയമം, വകുപ്പ് 66-ൽ U D . കേസുകളിൽ ഉൾപ്പെട്ട തൊണ്ടിമുതലുകൾ സംബന്ധിച്ചുള്ള നടപടിക്രമങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അബ്കാരി നിയമം, സെക്ഷൻ 66 അനുസരിച്ച് അബ്കാരി നിയമത്തിൻ കീഴിലുള്ള ഒരു കുറ്റകൃത്യവുമായി ബന്ധപ്പെട്ട് കുറ്റവാളിയാരെന്ന് അറിയാതെ വരുകയോ, ആയത് തുടർന്ന് കണ്ടെത്തപ്പെട്ടുവാനാകാതെ വരുകയോ ചെയ്യുന്ന പക്ഷം, കുറ്റകൃത്യവുമായി ബന്ധപ്പെട്ടുള്ള കണ്ടുകെട്ടപ്പെടേണ്ട വസ്തുവകകൾ സംബന്ധിച്ച്, എക്സൈസ് കമ്മീഷണർക്കോ നിയമാനുസരണം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ, അന്വേഷണം നടത്തുവാനും, ടി തൊണ്ടിമുതലുകൾ ഏതെങ്കിലും വ്യക്തിയുടെ കൈവശത്തിലാണെന്നതിന് തൃപ്തികരമായ ബോധ്യം ഉണ്ടാകാതിരിക്കുന്ന സാഹചര്യത്തിൽ, ആയത് കണ്ടുകെട്ടി ഉത്തരവാകാവുന്നതാണെന്നും അനുശാസിക്കുന്നു. എന്നാൽ അങ്ങനെ ഒരു ഉത്തരവ് നൽകുന്നത് കുറ്റകൃത്യം കണ്ടെടുത്ത് ഒരു മാസത്തിനകവും, ആയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും രീതിയിൽ അവകാശവാദം ഉന്നയിക്കുന്ന വ്യക്തികളെ കേൾക്കാതെയും ആകരുതെന്ന് നിയമം നിഷ്കർഷിക്കുന്നു.

അബ്കാരി നിയമം 66-ആം വകുപ്പ് മേൽ രീതിയിൽ വ്യവസ്ഥ ചെയ്യുന്നതിനാൽ, കുറ്റകൃത്യം കണ്ടെടുത്ത് ഒരു മാസം പൂർത്തിയാകുന്ന മുറക്ക്, മേൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച്, നിയമാനുസരണം അന്വേഷണ റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിക്കാവുന്നതും, തുടർന്ന് തൊണ്ടിവസ്തുക്കൾ കണ്ടുകെട്ടി ഉത്തരവാകാവുന്നതുമാണ്.

ഇത്തരം കേസുകളിൽ 5 3 പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സാമ്പിൾ രാസപരിശോധനക്ക് അയക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തുന്ന പക്ഷം, കുറ്റകൃത്യം കണ്ടെത്തി ഒരു മാസത്തിനുശേഷം തൊണ്ടിമുതലുകൾ നിയമാനുസരണം നശിപ്പിക്കുന്നതിന് തടസ്സമില്ലായെന്നതിനാൽ ഇത്തരം U D കേസുകളിലെ തൊണ്ടിമുതലുകൾ വേഗത്തിൽ നശിപ്പിക്കുന്നതിനോ മറ്റുതരത്തിൽ ഒഴിവാക്കുന്നതിനോ മേൽ നടപടിക്രമങ്ങൾ ഉദ്യോഗസ്ഥർ കൃത്യമായി പാലിക്കേണ്ടതാണ്.

S. AANANTHAKRISHNAN IPS
Signed by
S. Aananthakrishnan Ips
Date: 15-09-2022 17:18:05
എക്സൈസ് കമ്മീഷണർ

ഗ്രാഹകർ

1. അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം,എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ(എക്സൈസ്)

HQ/18/2022/EXCISE

3. ജോയിന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ(എല്ലാം)
5. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
6. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ(എല്ലാം)
7. എക്സൈസ് ഇൻസ്പെക്ടർ(എല്ലാം)
8. കരുതൽ ഫയൽ/സർക്കുലർ ഫയൽ